**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1039** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളിലെ റോഡുകളിൽ എത്ര കിലോമീറ്റർ കുഴിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ; | (എ) | ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിൻറെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളിലെ 37427.94 കിലോമീറ്റർ റോഡുകൾ കുഴിച്ചിട്ടുണ്ട്. |
| (ബി) | തദ്ദേശ സ്ഥാപനങ്ങളുടെ അനുമതി പ്രകാരമാണോ ജലവിഭവ വകുപ്പ് റോഡുകൾ കുഴിച്ചതെന്ന് അറിയിക്കാമോ; ഇതിൽ എത്ര കിലോമീറ്റർ റോഡുകൾ ജലവിഭവ വകുപ്പ് നേരിട്ട് പുനരുദ്ധരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | ജൽ ജീവൻ മിഷൻ പദ്ധതി തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതിയാണ്. പദ്ധതിയുടെ നിർവഹണ ഏജൻസിയാണ് കേരള വാട്ടർ അതോറിറ്റി. അതാത് തദ്ദേശ സ്ഥാപനങ്ങളുടെ അനുമതിയോടു കൂടിയാണ് പ്രസ്തുത റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുള്ളത്. പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി കുഴിച്ച റോഡുകളിൽ 9646.645 കിലോമീറ്റർ നീളത്തിൽ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കിയിട്ടുണ്ട്. |
| (സി) | ബാക്കിയുള്ള റോഡുകൾ പുനരുദ്ധരിക്കുന്നത് എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | റോഡ് പുനഃരുദ്ധാരണത്തിന് ഭരണാനുമതിയിൽ തുക വകയിരുത്തിയിട്ടുള്ള റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കുന്നതിനോടൊപ്പം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പുനരുദ്ധാരണ പ്രവർത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | തദ്ദേശ സ്ഥാപനങ്ങൾക്ക് മതിയായ ഫണ്ടില്ലാത്തതിനാൽ വാട്ടർ അതോറിറ്റി കുഴിച്ച റോഡുകൾ സഞ്ചാരയോഗ്യമാക്കുവാൻ കഴിയാത്ത സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ജലവിഭവ വകുപ്പ് ശ്രമിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | റോഡ് പുനഃരുദ്ധാരണത്തിന് ഭരണാനുമതിയിൽ തുക വകയിരുത്തിയിട്ടുള്ള റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കുന്നതിനോടൊപ്പം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പുനരുദ്ധാരണ പ്രവർത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന മുറയ്ക്ക് താത്കാലികമായി റോഡ് ഗതാഗത യോഗ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഇ) | ചെറിയ വിസ്തീർണമുള്ള പൈപ്പുകൾ തൊഴിലാളികളെ ഉപയോഗിച്ച് സ്ഥാപിക്കാമെന്നിരിക്കെ ജെ.സി.ബി. ഉപയോഗിച്ച് റോഡുകൾ മൊത്തത്തിൽ തകർക്കുന്നതിനെകുറിച്ച് ജലവിഭവ വകുപ്പ് ഉന്നതതല അന്വേഷണം നടത്തുമോ; | (ഇ) | നാളിതുവരെ മാനുവൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചാണ് ജല ജീവൻ മിഷൻ പൈപ്പുകൾ സ്ഥാപിക്കുന്നത്.മാത്രവുമല്ല റോഡിന് ആവശ്യമായ വീതി ഉള്ള സ്ഥലങ്ങളിൽ കഴിയുന്നത്ര ടാർ കട്ടിങ് ഒഴിവാക്കിയാണ് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത്. |
| (എഫ്) | കോൺക്രീറ്റ് ചെയ്യുന്നത് അടക്കമുള്ള ജോലികൾ കരാറുകാർ വഴി നടത്തി 'വ്യക്തിപരമായി പ്രയോജനം' ഉണ്ടാക്കുവാനായിരുന്നു ചില ഉദ്യോഗസ്ഥരുടെ ലക്ഷ്യമെന്നുള്ള കാര്യം അന്വേഷിക്കുമോ; | (എഫ്) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ പ്രവർത്തികളും സർക്കാരിന്റെ സുതാര്യമായ ഇ ടെൻഡർ മുഖേനയാണ് ടെൻഡർ ചെയ്ത് അവാർഡ് ചെയ്ത് നടത്തിവരുന്നത്. മാത്രവുമല്ല റോഡ് പുനരുദ്ധാരണ പ്രവർത്തികളിൽ നിലവിലുള്ള മാനുവൽ നിർദ്ദേശങ്ങൾ പാലിക്കാറുണ്ട്. ജല ജീവൻ മിഷൻ പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് തേർഡ് പാർട്ടി ഇൻസ്പെക്ഷൻ ഏജൻസികളെയും നിയോഗിച്ചിട്ടുണ്ട്. പ്രവർത്തികൾ സംബന്ധിച്ച് ലഭ്യമാകുന്ന പരാതികളിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ജി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തകർത്ത റോഡുകൾ അടിയന്തിരമായി ശരിയാക്കുവാൻ ജലവിഭവ വകുപ്പ് നടപടി സ്വീകരിക്കുമോ? | (ജി) | ഭരണാനുമതിയിൽ തുക വകയിരുത്തിയിട്ടുള്ള റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കുന്നതിനോടൊപ്പം തന്നെ പുനരുദ്ധാരണ പ്രവർത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ